# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2140** 18/07/2016 ൽ മറുപടി

## <u>പാലമേൽ ഗവൺമെന്റ് എൽ.പി.എസിന് ഡിജിറ്റൽ ക്ലാസ് റൂം</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. രാജേഷ് | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പാലമേൽ ഗവൺമെന്റ് എൽ.പി.എസിന് ഡിജിറ്റൽ ക്ലാസ് റൂം തയ്യാറാക്കുന്നതിന് ഫണ്ട് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) (ബി) & (സി)<br><br>മാവേലിക്കര MLA ശ്രീ.രാജേഷ് ന്റെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പാലമേൽ ഗവ. എൽ.പി.എസ്സ് ന് Digital Classroom സജ്ജീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായിട്ടില്ല. പ്രസ്തുത പ്രപ്പോസൽ മാവേലിക്കര ഉപജില്ല ആഫീസിൽ നിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതും ആയത് 02/02/16 ന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും IT@School ന്റെ സൂക്ഷ്മ പരിശോധനക്കായി അയച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രൊപ്പോസലിൻ മേൽ 04/02/16 ന് IT@School ന്റെ സ്ക്രൂട്ടിനി കമ്മിറ്റി യോഗം ചേർന്ന് അംഗീകാരം നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ നടപടിക്രമം മാത്രമാണ് സർക്കാരിലെ പൊതുവിദ്യാഭ്യാസ (എം) വകുപ്പിന് ലഭ്യമായിട്ടുള്ളത്. IT@School കമ്മറ്റിയുടെ അംഗീകാരം ലഭ്യമായതിനു ശേഷം വിശദമായ ഡി.പി.ആർ സഹിതമുള്ള ഒറിജിനൽ ശുപാർശ സഹിതം ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയതിനു ശേഷം മാത്രമേ ഭരണാനുമതി നൽകാനാകുകയുള്ളൂ. മേൽ പ്രപ്പോസലിന്റെ അസ്സൽ സർക്കാരിൽ നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. പ്രപ്പോസലിന്റെ അസ്സൽ കിട്ടുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | മാവേലിക്കര എ.ഇ.ഒ മുഖാന്തിരം നൽകിയ പ്രസ്തുത പദ്ധതി നിർദ്ദേശത്തിൻമേൽ, ഐ.റ്റി. അറ്റ് സ്കൂൾ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | |
| (സി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ